REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തൃശൂരിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ കലാമാമാങ്കത്തിനു ദീപം തെളിയിച്ചു.**
- **സായുധസേനാ വെറ്ററൻസ് ദിനത്തിൽ രാഷ്ട്രപതിയും രാജ്യരക്ഷാ മന്ത്രിയും വിമുക്ത ഭടന്മാർക്ക് ആശംസകൾ നേർന്നു.**
- **15-ാം കേരള നിയമ സഭയുടെ 16 -ാം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകുമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ.**
- **ശബരിമല സന്നിധാനം ഭക്തി സാന്ദ്രം. മകരവിളക്ക് ദിനമായ ഇന്ന് പതിനായിരങ്ങൾ മകരജ്യോതി ദർശിക്കും.**
- **ഇന്ത്യ- ന്യൂസിലാന്റ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക്.**

## വാർത്തകൾ വിശദമായി

64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഔപചാരിക തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ തേക്കിൻകാട് മൈതാനത്ത് കലാമാമാങ്കത്തിനു ദീപം തെളിയിച്ചു.

കലോത്സവത്തിന് പതാക ഉയർന്നതോടെ ഇനി അഞ്ചു ദിനരാത്രങ്ങൾ 250 ഇനങ്ങളിലായി പതിനയ്യായിരം കലാ പ്രതിഭകൾ 25 വേദികളിലായി അരങ്ങിലെത്തും.

തൃശൂരിൽ നിന്ന് ഭരിതാപ്രതാപ്...

........വോയ്സ്......

പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ എസ് കെ ഉമേഷ് രാവിലെ പതാക ഉയർത്തിയത്തോടെയാണ് ഉത്ഘാടനചടങ്ങുകൾക്കായി വേദി ഉണർന്നത്.

ശേഷം പാറമേക്കാവ് - തിരുവമ്പാടി വിഭാഗങ്ങളിലെ കലാകാരന്മാർ ആദ്യമായി ഒന്നിച്ച് പാണ്ടിമേളം അവതരിപ്പിച്ചു. തൃശ്ശൂരിന്റെ തനതു കലകളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തൽ കൂടിയായി വാദ്യ വീസ്മയം മാറി.

തൃശ്ശൂർ പൂരത്തിന്റെ പ്രൗഢിവിളിച്ചോതുന്ന പാണ്ടി മേളഅതിനൊപ്പം 64കുട്ടികൾ അണിനിരന്ന വർണ്ണാഭമായ കുടമാറ്റവും കലാസ്വാധകരെ വിസ്മയിപ്പിച്ചു. മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനാകും. കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി ചടങ്ങിലേക്ക് എത്തിച്ചേർന്നു. ബിജെപി പ്രവർത്തകർ താമരപ്പൂക്കൾ നൽകിക്കൊണ്ടാണ് അദ്ദേഹത്തെ വേദിയിലേക്ക് നയിച്ചത്.

മന്ത്രിമാരായ അഡ്വക്കേറ്റ് കെ രാജൻ ഡോക്ടർ ആർ ബിന്ദു., കെ. കൃഷ്ണൻകുട്ടി എന്നിവരും ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, കോർപ്പറേഷൻ mayor നിജി ജസ്റ്റിൻ, MLA മാർ തുടങ്ങിയവർ വേദിയിൽ സംബന്ധിച്ചു.

കലോത്സവത്തിന്റെ ആദ്യദിവസം തന്നെ വൻജനക്കൂട്ടമാണ് ഉദ്ഘാടന വേദികളിലും മറ്റു വേദികളിലുമായി എത്തിച്ചേർന്നിരിക്കുന്നത്. ഇന്ന് മുതൽ സ്വർണനേട്ടത്തിനായി മാറ്റുരയ്ക്കാൻ തുടങ്ങും. ഇതോടെ കലയുടെ പൂരപ്പറമ്പായി തൃശ്ശൂർ മാറും.

✪✪✪

സായുധസേനാ വെറ്ററൻസ് ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു വിമുക്ത സൈനികർക്ക് ആദരം അർപ്പിച്ചു. വിമുക്തഭടന്മാരുടെ അചഞ്ചല ധൈര്യം എല്ലാ ഇന്ത്യക്കാർക്കും പ്രചോദനമാണെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

വെറ്ററൻസ് ദിനവും സായുധ സേനാ പതാക ദിനവും ധീരസൈനികരുടെ ആദരവിനും അവർക്ക് അർത്ഥവത്തായ സഹായത്തിനും അവസരം ലഭ്യമാക്കുമെന്നും രാഷ്ട്രപതി പറഞ്ഞു. വിമുക്ത സൈനികർ രാജ്യതാല്പര്യത്തിന് പ്രതിബദ്ധതയോടെ പ്രവർത്തിക്കുമെന്നും ദ്രൗപതി മുർമു ആത്മവിശ്വാസം പ്രകടിപ്പിച്ചു.

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും വിമുക്തഭടന്മാർക്ക് നന്ദിയും ആദരവും അറിയിച്ചു. രാജ്യസേവനത്തിന് സ്വന്തം ജീവൻ പോലും സമർപ്പിച്ച ധീരസേനാനികളുടെ അർപ്പണബോധം രാജ്നാഥ് സിംഗ് അനുസ്മരിച്ചു.

സൈനികരുടെ ത്യാഗവും അതിർത്തിയിൽ അവർ പകർന്നു തരുന്ന വിശ്വാസവും രാജ്യത്തിന്റെ ആത്മസംരക്ഷണത്തിനും ഊർജ്ജത്തിനും പ്രേരകശക്തിയാണെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് വിളവെടുപ്പ് ഉത്സവമായ മകരസംക്രാന്തി ആഘോഷിക്കുന്നു. ഉത്സവവേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ ആശംസകൾ നേർന്നു.

ഇന്ത്യയുടെ സമ്പന്നമായ കാർഷിക പാരമ്പര്യത്തിന്റെയും ദേശീയ ഐക്യത്തിന്റെയും പ്രതീകങ്ങളാണ് ഈ ഉത്സവങ്ങളെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. കാർഷിക സമൂഹങ്ങളെ പിന്തുണയ്ക്കാനും, സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിക്കാനും ഒരുമിച്ച് പ്രവർത്തിക്കാമെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. പ്രകൃതിക്ക് നന്ദി പറയാൻ അവസരമാണിതെന്ന് പ്രധാനമന്ത്രി സമൂഹിക മാധ്യമത്തിൽ കുറിച്ചു.

തമിഴ്നാട്ടിൽ പൊങ്കൽ എന്നും, ഗുജറാത്തിൽ ഉത്തരായൻ എന്നും, അസമിൽ ഭോഗലി ബിഹു എന്നും, പശ്ചിമ ബംഗാളിൽ പൗഷ് സംക്രാന്തി എന്നും വ്യത്യസ്ത പേരുകളിലാണ് മകരസംക്രാന്തി ആഘോഷിക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിന് നാളെ പഞ്ചാബിലെത്തും. അമൃതസറിലെ ഗുരുനാനാക്ക് സർവകലാശാലയിലെ സുവർണജൂബിലി ബിരുദദാന സമ്മേളനത്തിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. വെള്ളിയാഴ്ച ജലന്തറിൽ ഡോ. BR അംബേദ്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 21-ാം ബിരുദ സമ്മേളനത്തിലും ദ്രൗപതി മുർമു പങ്കെടുക്കും. 452 വിദ്യാർത്ഥികൾക്ക് രാഷ്ട്രപതി ബിരുദം നൽകും. രാഷ്ട്രപതിയുടെ സന്ദർശനം കണക്കിലെടുത്ത് അമൃത് സറിലും ജലന്തറിലും സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്നും നാളെയും തമിഴ്നാട് സന്ദർശിയ്ക്കും. നാളെ തിരുപ്പൂരിലെ തൈപ്പൊങ്കൽ ആഘോഷങ്ങളിൽ പങ്കുചേരുന്ന അദ്ദേഹം പിന്നീട് KMC ആശുപത്രിയിലെ OP ബ്ലോക്ക് ഉദ്ഘാടനം ചെയ്യും. കോയമ്പത്തൂരിൽ ശ്രീരാമകൃഷ്ണ ഗ്രൂപ്പ് ആശുപത്രികളുടെ സുവർണജൂബിലി ആഘോഷങ്ങളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

പതിനഞ്ചാം കേരള നിയമ സഭയുടെ 16 ആം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകുമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ തിരുവനന്തപുരത്ത് അറിയിച്ചു. ഈ ഗവൺമെന്റിന്റെ അവസാനത്തെ സഭാ സമ്മേളനമാണ് ചേരുന്നത്.

ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെയാണ് സഭാ സമ്മേളനം ആരംഭിക്കുക. സഭാ സമ്മേളനത്തിൽ  മന്ത്രി KN ബാലഗോപാൽ  അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് ഈ മാസം 29ന് അവതരിപ്പിക്കും.  മാർച്ച് 26 വരെ 32 ദിവസമാണ് നിയമസഭാ സമ്മേളനം ചേരുന്നത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പ്രചാരണ പ്രവർത്തനങ്ങൾക്ക് പാർട്ടികൾ ഒരുക്കം തുടങ്ങവേ, സംസ്ഥാനത്ത് മുന്നണി മാറ്റവും, പാർട്ടി മാറ്റവും സജീവ ചർച്ചാവിഷയമായി മാറുന്നു. പ്രതിപക്ഷ നേതാവ് VD സതീശൻ 'വിസ്മയങ്ങൾക്ക് കാത്തിരിക്കുക' എന്ന്  ഇക്കഴിഞ്ഞ ദിവസം പറഞ്ഞത് LDF-ലെ ഘടക പാർട്ടികളേയും നേതാക്കളെയും UDFലെത്തിക്കുക ലക്ഷ്യമാക്കിയെന്നാണ് നിരീക്ഷകർ കരുതുന്നത്.

ഇതിന്റെ ആദ്യ പടിയായി അവർ എടുത്തു കാണിക്കുന്നത് മുൻ MLAയും CPIM നേതാവുമായ ഐഷാപോറ്റിയുടെ പാർട്ടി മാറ്റമാണ്. ഈ മാസം 16ന് കേരള കോൺഗ്രസ്-M  സ്റ്റയറിംഗ് കമ്മിറ്റി യോഗം ചേരുന്നുണ്ട്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് സംസ്ഥാനത്തെ CPIM-ന്റെ ഗൃഹസന്ദർശന പരിപാടിക്ക് ഇന്ന് തുടക്കമാകും. സംസ്ഥാന ഗവൺമെന്റിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ഗൃഹസന്ദർശന പരിപാടിയുടെ ലക്ഷ്യം.

✪✪✪

LDF - UDF മുന്നണികൾക്കെതിരായ ജനവികാരത്തെ വോട്ടാക്കി മാറ്റി സംസ്ഥാന തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ കൂടുതൽ സജീവമാകാനാണ് NDA നേതൃത്വത്തിന്റെ തീരുമാനം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തിരുവനന്തപുരം സന്ദർശനത്തോടെ NDA തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുമെന്നാണ് കരുതുന്നത്.

✪✪✪

കേരള കോൺഗ്രസ് LDF ൽ ഉറച്ചു നിൽക്കുമെന്ന് പാർട്ടി ചെയർമാൻ ജോസ് K മാണി പറഞ്ഞു. മുന്നണിമാറ്റം എന്നത് പ്രചാരണം മാത്രമാണ്. മുന്നണിമാറ്റത്തെ കുറിച്ച് ചർച്ച നടത്തേണ്ട സാഹചര്യം ഇപ്പോഴില്ലെന്നും ജോസ് K മാണി വ്യക്തമാക്കി. പാർട്ടി തീരുമാനമെടുത്താൽ അഞ്ച് MLA-മാരും തീരുമാനത്തോടൊപ്പം ഉറച്ചു നിൽക്കുമെന്നും ജോസ് K മാണി അറിയിച്ചു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെ MLA സ്ഥാനത്തുനിന്ന് അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി സ്വകാര്യ പരാതികൾ ലഭിക്കുന്നുണ്ടെന്ന് സ്പീക്കർ AN ഷംസീർ അറിയിച്ചു. എന്നാൽ സാമാജികർ പരാതി നൽകിയാൽ മാത്രമേ നിയമസഭാ പ്രിവിലേജ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ കഴിയൂ എന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരെ അറിയിച്ചു. സ്ത്രീകളെ ബഹുമാനിക്കാൻ പഠിക്കേണ്ടതുണ്ടെന്നും അതിന് വിരുദ്ധമായ ചില പെരുമാറ്റങ്ങൾ ചില സാമാജികരിൽ നിന്ന് ഉണ്ടായി എന്നും അദ്ദേഹം സൂചിപ്പിച്ചു. എന്നാൽ ഇതിന്റെ പേരിൽ മൊത്തത്തിൽ കുറ്റപ്പെടുത്തൽ നടത്തുന്നത് ശരിയല്ലെന്നും AN ഷംസീർ വ്യക്തമാക്കി.

✪✪✪

ശബരിമല സന്നിധാനം ഭക്തി സാന്ദ്രം. മകരവിളക്ക് ദിനമായ ഇന്ന് പതിനായിരങ്ങൾ മകരജ്യോതി ദർശിക്കും. മകരസംക്രമ പൂജ വൈകിട്ട് 3.08നാണ്. വൈകിട്ട് തിരുവാഭരണങ്ങൾ അണിയിച്ച് മഹാ ദീപാരാധനയും നടത്തും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ...

..........വോയ്സ്.........

മകരവിളക്ക് മഹോത്സവദിനമായ ഇന്ന് വൈകിട്ടു നടക്കുന്ന മഹാദീപാരാധനയ്ക്ക് ശേഷമുള്ള തിരുവാഭരണ വിഭൂഷിതനായ അയ്യനെ ദർശിക്കാൻ സന്നിധാനത്തും മകരജ്യോതി ദർശനത്തിനായി സുരക്ഷിതമായ പമ്പ,പുല്ലുമേട്,അട്ടത്തോട്,പഞ്ഞിപ്പാറ,
ഇലവുങ്കൽ,നെല്ലിമല,പരുന്തുംപാറ,പാഞ്ചാലിമേട് തുടങ്ങി പൊന്നമ്പലമേട്ടിലെ മകരജ്യോതിദർശനം കാണാൻ ലഭ്യമായ ഇടങ്ങളിലൊക്കെയും അയ്യപ്പൻമാർ അയ്യന്റെ പുങ്കാവനത്തിലെ പുണ്യദർശനത്തിനായി ഒരേ മനസോടെ കാത്തിരിക്കുകയാണ്. സന്നിധാനം കുരുത്തോലകളാലും ഹാരങ്ങളാലും അലങ്കൃതമായി കർപ്പൂരഗന്ധം അലയടിക്കുന്ന അന്തരീക്ഷത്തിൽ എങ്ങും മുഴങ്ങുന്നത ശരണമന്ത്രങ്ങൾ മാത്രം. വൈകിട്ട് 3.8ന് സംക്രമമുഹൂർത്തത്തിൽ സ്വാമിക്കു സംക്രമപൂജയും അഭിഷേകവും നടക്കും. തിരുവാഭരണ ഘോഷയാത്ര ഇന്നു വൈകിട്ട് 6.25ന് സന്നിധാനത്ത് എത്തും. തുടർന്ന്

തിരുവാഭരണം ചാർത്തി യോധാവായ അയ്യന് മഹാ ദീപാരാധന നടക്കുമ്പോൾ കിഴക്കൻ ചക്രവാളത്തിൽ മകര നക്ഷത്രം ഉദിക്കുകയും കൃഷ്ണപരുത്ത്മാനത്ത്വട്ടമിട്ടു പറക്കുകയും ചെയ്യും.ഈ സമയം പൊന്നമ്പലമേട്ടിൽ മകര ജ്യോതി തെളിയും. ജ്യോതി ദർശനത്തിനു ശേഷം തീർഥാട കർ മലയിറങ്ങും. മകരവിളക്ക് മഹോത്സവത്തിനായി

2 ലക്ഷത്തോളം തീർഥാടകർ സന്നിധാനത്തും പരിസരപ്രദേശങ്ങളിലമായി തമ്പടിച്ചിട്ടുണ്ടെന്നാണ് പോലീസിന്റെ നിഗമനം. തിക്കും തിരക്കുംമൂലമുള്ള അപകടം ഒഴിവാക്കാൻ വിവിധ വകുപ്പുകൾ കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുണ്ട്. തീർഥാടകരുടെ മടക്ക യാത്രയ്ക്കായി കെഎസ്ആർടി സി 1000 ബസുകൾ ക്രമീകരിച്ചിട്ടുണ്ട്.

✪✪✪

മകരവിളക്ക് ദിനത്തിൽ ഇടുക്കിയിലെ പുല്ലുമേട് ഉൾപ്പെടെ കാനന പാതകളിലും തീർത്ഥാടന പാതകളിലും കർശന നിയന്ത്രണങ്ങളും നിരീക്ഷണവും ഏർപ്പെടുത്തി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണൻ..

........വോയ്സ്........

പുല്ലുമേട്, കോഴിക്കാനം ഭാഗങ്ങളിൽ തീർത്ഥാടകരുടെ സുരക്ഷ മുൻനിർത്തി പ്രത്യേക പോലീസ് എയ്ഡ് പോസ്റ്റുകളും വനംവകുപ്പിന്റെ എലിഫന്റ് സ്ക്വാഡിനെയും നിയോഗിച്ചിട്ടുണ്ട്. വന്യമൃഗശല്യം തടയാൻ കാനനപാതയിൽ ഓരോ കിലോമീറ്ററിലും വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പോയിന്റ് ഡ്യൂട്ടി ഉറപ്പാക്കി. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിച്ചതിനൊപ്പം കുമളി, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ പ്രത്യേക കൺട്രോൾ റൂമുകളും പ്രവർത്തനം ആരംഭിച്ചു.

മകരവിളക്ക് ദർശിക്കാൻ എത്തുന്നവർക്കായി കുമളി - കോഴിക്കാനം റൂട്ടിൽ രാവിലെ ആറ് മണി മുതൽ കെ.എസ്.ആർ.ടി.സി പ്രത്യേക സർവീസുകൾ നടത്തും. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീമുകളെയും കുടിവെള്ളം, ശുചിമുറി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളും വിവിധയിടങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. തീർത്ഥാടകർ സുഗമമായ ദർശനത്തിനായി സേനാംഗങ്ങൾ നൽകുന്ന സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ശബരിമലയിലെ സ്വർണ്ണക്കൊള്ളയിൽ പ്രതിഷേധിച്ച് BJP ഇന്ന് സംസ്ഥാനത്തെ പതിനായിരം കേന്ദ്രങ്ങളിൽ ശബരിമല സംരക്ഷണ ജ്യോതി തെളിയിക്കും. പാർട്ടി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും വൈകിട്ട് ആറിനാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

തൈപ്പൊങ്കൽ ദിനമായ നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രാദേശിക അവധി പ്രഖ്യാപിച്ചു. തൈമാസത്തിലെ രണ്ടാംദിവസമാണ് തൈപ്പൊങ്കൽ ആഘോഷിക്കുന്നത്.

✪✪✪

ഇന്ത്യ- ന്യൂസിലാന്റ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. രാജ്കോട്ടിലെ നിരഞ്ജൻ ഷാ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്ക് മത്സരം തുടങ്ങും. ഗുജറാത്തിലെ വഡോദരയിൽ ആദ്യ ഏകദിനത്തിൽ നാലു വിക്കറ്റിന് ഇന്ത്യ ന്യൂസിലാന്റിനെ പരാജയപ്പെടുത്തിയിരുന്നു. മൂന്ന് മത്സര പരമ്പരയിൽ ഇന്നും വിജയിച്ചാൽ പരമ്പര ഇന്ത്യയ്ക്ക് സ്വന്തമാക്കാം. ഞായറാഴ്ച ഗുജറാത്തിലെ വഡോദരയിലാണ് മൂന്നാം മത്സരം.

✪✪✪

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ നവി മുംബൈയിൽ, മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയന്റ്സിനെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു. ഇന്ന് UP വാരിയേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. നവി മുംബൈയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ന്യൂഡൽഹിയിൽ ഇന്നലെ ആരംഭിച്ച ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിലെ പുരുഷ സിംഗിൾസിൽ ലക്ഷ്യാസെൻ, ആയുഷ് ഷെട്ടിയെ തോൽപ്പിച്ച് രണ്ടാം റൗണ്ടിൽ കടന്നു. ഡബിൾസിൽ M.R.അർജ്ജുൻ - ഹരിഹരൻ അംസ ക്കരുണൻ സഖ്യം മലേഷ്യൻ സഖ്യത്തെ തോൽപ്പിച്ച് രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. വനിതാ ഡബിൾസിൽ ഗായത്രി ഗോപിചന്ദ് - തൃഷ ജോളി സഖ്യവും, തായ്‌ലന്റ് ടീമിനെ തോൽപ്പിച്ച് അടുത്ത റൗണ്ടിൽ കടന്നു.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, ശരണ്യരാജൻ , പ്രവീൺ*
*DEO : സി കെ സുബോധ്*